## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1600** **31.01.2018 ൽ മറുപടിയ്ക്ക്**

# സംസ്ഥാനത്തെ പച്ചക്കറി സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കാൻ നടപടി


**ചോദ്യം**
**ശ്രീ.യു. ആർ. പ്രദീപ്**

**മറുപടി**
**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**


| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ദിനംപ്രതി ശരാശരി എത്ര ടൺ പച്ചക്കറി ആവശ്യമുള്ളതായിട്ടാണ് കൃഷി വകുപ്പ് കണക്കാക്കിയിട്ടുള്ളത്; ഇതിൽ ആഭ്യന്തര ഉല്പാദനം എത്ര ടൺ വരുമെന്ന് വ്യക്തമാക്കാമോ? | എ) | നാഷണൽ സാമ്പിൾ സർവ്വേ കണക്കുകൾ പ്രകാരം ഒരു വർഷം ആകെ 20.09 ലക്ഷം മെട്രിക് ടൺ പച്ചക്കറി സംസ്ഥാനത്തിന് ആവശ്യമാണ്. ഇതിൽ 7.25 ലക്ഷം മെട്രിക് ടണ്ണാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്. |
| ബി) | പച്ചക്കറി ഉല്പാദനം വർദ്ധിപ്പിച്ച് സംസ്ഥാനത്തെ സ്വയംപര്യാപ്തതയിലേക്ക് എത്തിയ്ക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളും, സഹായങ്ങളും ആണ് കർഷകർക്ക് കൃഷി വകുപ്പ് മുഖേന നൽകിവരുന്നതെന്ന് വിശദാംശം വ്യക്തമാക്കുമോ? | ബി) | സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കുന്നതിനായി കൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയിൽ വിവിധ ഘടകങ്ങളായി കർഷകർക്ക് കൃഷിക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകി വരുന്നു. പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>1. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം.<br>2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം.<br>3. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി.<br>4. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്കരണം, പ്രചരണം ഉടങ്ങിയവ<br>5. ജില്ലാ ക്ലസ്റ്റർ വികസനം<br>6. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം.<br>7. നഴ്സറികൾ സ്ഥാപിക്കൽ<br>8. സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വള പ്രയോഗവും.<br>9. പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം.<br>10. പച്ചക്കറികൃഷിയ്ക്കു വേണ്ടി മിനി-പോളീഹൗസുകളുടെ പ്രോത്സാഹനം. |

| | | | |
|---|---|---|---|
| | | | 11. 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ.<br>12. മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷ്മ മൂലകങ്ങൾ എന്നിവയുടെ വിതരണം.<br>13. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം.<br>14. 'സേഫ്-ടു-ഈറ്റ് ബ്രാൻഡിംഗ്'<br>15. അവാർഡ് വിതരണം.<br>16. ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകളുടെ രൂപീകരണം.<br>17. മഴമറ നിർമ്മാണം.<br>18. ബാഹ്യ നിരീക്ഷണം.<br>19. കാര്യക്ഷമമായി പ്രവർത്തിക്കുന്ന 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം.<br>20. വി.എഫ്.പി.സി.കെ വഴിയുള്ള വിവിധ പച്ചക്കറി വികസന പദ്ധതികൾക്കായി 600 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. |

Mayal

**സെക്ഷൻ ഓഫീസർ**